# അറിവിന്റെ വായ്മൊഴിവഴക്കങ്ങൾ

കെ.ജി. പൗലോസ്

മനുഷ്യൻ ആർജിച്ച അറിവിന്റെ ചെറിയൊരംശം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. ചുരുങ്ങിയത് 50000 വർഷത്തെ പഴക്കമുണ്ട് ഈ ഗ്രഹത്തിൽ മനുഷ്യന്റെ ആവാസ ത്തിന്. എഴുത്ത് നടപ്പായത് 48000 വർഷങ്ങൾക്ക് ശേഷമാണ്. രേഖപ്പെടുത്തിയ ചരിത്രമുള്ള 2000 വർഷത്തിനുള്ളിൽ തന്നെ എത്ര കുറച്ചു കാര്യങ്ങളേ എഴുതി വച്ചിട്ടുള്ളു. അച്ചടിയുടെ കണ്ടുപിടിത്തത്തോടെയാണ് ഗ്രന്ഥങ്ങൾ വ്യാപകമായി പ്രചരിപ്പിക്കാൻ തുടങ്ങിയത്. വിജ്ഞാനവ്യാപനത്തിന് 400 വർഷത്തെ ചരിത്രമേ ഉള്ളു എന്നർത്ഥം. കടലിൽ ആഴത്തിലാണ്ടു കിടക്കുന്ന ഒരു മഞ്ഞുകട്ടയുടെ ഉപരി തലത്തെ ചില ശകലങ്ങൾ മാത്രമാണ് ജ്ഞാനസഞ്ചയത്തിലെ രേഖപ്പെടുത്തപ്പെട്ട ഭാഗങ്ങൾ. അതുകൊണ്ട് വിജ്ഞാനത്തെപ്പറ്റിയുള്ള ഏതൊരന്വേഷണവും മൗഖി കപാരമ്പര്യ(oral tradition)ത്തെപ്പറ്റിയുള്ള പഠനമില്ലാതെ പൂർണ്ണമാകുകയില്ല.

## 1. സവിശേഷതകൾ

പണ്ഡിതരാജൻ അനന്തനാരായണശാസ്ത്രികൾ വിവരിച്ചിട്ടുള്ള ഒരനുഭവമുണ്ട്. അക്കാലത്തെ ഏറ്റവും വലിയ പണ്ഡിതനാണ് അയ്യാശാസ്ത്രികൾ. അദ്ദേഹം ഗ്രന്ഥ ങ്ങൾ ഒന്നും രചിച്ചിട്ടില്ല. അന്തനാരായമണശാസ്ത്രികൾ ഒരിക്കൽ അപേക്ഷിച്ചു – "അവിടുത്തെ ശിഷ്യനാകാനുള്ള ഭാഗ്യം ലഭിച്ചിട്ടില്ല. ഏതെങ്കിലും ഗ്രന്ഥങ്ങൾ രചി ച്ചാൽ അതുവായിച്ചുള്ള ശിഷ്യത്വം ലഭിക്കാമായിരുന്നു ".

അയ്യാശാസ്ത്രികൾ കനപ്പിച്ചൊന്നു നോക്കി – " ഇതുവരെ എഴുതിയതൊക്കെ വായി ച്ചുതീർന്നോ? ". പൂർവ്വാചാര്യന്മാർ എഴുതിവച്ചിട്ടുള്ളത് വായിച്ചുതീർക്കാൻ തന്നെ ഈ ജന്മം പോരാ. പിന്നെ പുതിയതായിട്ട് എഴുതുന്നതിനെന്ത് പ്രസക്തി? എന്നാ യിരുന്നു ചോദ്യത്തിന്റെ അർത്ഥം.

ഇത് പാരമ്പര്യത്തിന്റെ ഒരു മനോഭാവമാണ്. രണ്ടു സവിശേഷതകളുണ്ട് ഈ പാര മ്പര്യത്തിന്. ആ തലമുറയുലെ പണ്ഡിതന്മാരുടെ വിജ്ഞാനം നാവിൻ തുമ്പത്താ ണ്. 'അമുഷ്യ വിദ്യാ രസനാഗ്രനർതകീ'[1]. 'പൃഷ്ടോത്തരക്ഷണോത്തരദായി'[2]കളാ ണവർ. അനന്തനാരായണശാസ്ത്രികൾ തൃശ്ശൂരിൽ രാവിലെ എണ്ണയും തേച്ച് കുളി ക്കാനായി ഗ്രൗണ്ടിലൂടെ കുളത്തിലേയ്ക്ക് നടക്കുകയാണ്. അപ്പോഴാണ് മുണ്ടശ്ശേരി എതിരെ വരുന്നത്.

'ഞാൻ മഠത്തിലേയ്ക്ക് വരണമെന്ന് വിചാരിച്ചിരിക്കുകയായിരുന്നു. കുറച്ചുസംശയങ്ങളുണ്ട്'.

'ആ പറഞ്ഞോളൂ'.

'വേണ്ട ഞാൻ വരാം'.

'ഒന്നുമില്ലാന്ന് പറഞ്ഞോളൂ'.

കുളക്കര എത്തിയപ്പോഴേയ്ക്കും അദ്ദേഹത്തിന്റെ ചോദ്യത്തിനൊക്കെ മറുപടി കിട്ടിക്കഴിഞ്ഞിരുന്നു. കൈക്കുളങ്ങര രാമവാരിയർ അമരം കാണാതെ ചൊല്ലുന്നതു കേട്ടപ്പോൾ സായ്പ് ചോദിച്ചു.

'എന്താ അത്?'

'അമരം'

'എന്നുവെച്ചാൽ?'

'ഇംഗ്ലീഷിലെ ഡിക്ഷണറി പോലിരിക്കും'.

കൂടെയുള്ളയാൾ സായിപ്പിനെ പറഞ്ഞു മനസ്സിലാക്കി.

'ഡിക്ഷണറി കാണാതെ പഠിക്കുകേ? അതു റെഫർ ചെയ്യാനുള്ളതല്ലേ?'

നമ്മുടെ പണ്ഡിതന് റഫർ ചെയ്യുക എന്നൊന്ന് അറിയില്ലായിരുന്നു. എല്ലാം എപ്പോഴും ഹൃദിസ്ഥം.

ഈ പാരമ്പര്യത്തിന്റെ രണ്ടാമത്തെ സവിശേഷത സ്വന്തമായി ആരും ഒന്നും അവകാശപ്പെട്ടിരുന്നില്ല എന്നതാണ്. ഒരു ഗ്രന്ഥം എഴുതിയാൽ പോലും അത് തന്റേതാണെന്ന് ആരും പറയില്ല. കാരണം പാരമ്പര്യമെന്നത് ഒരനുസ്യൂതി, തുടർച്ച ആണ്. ഗുരു ശിഷ്യന്മാർക്ക് വിദ്യ പകരുന്നു. ചരണങ്ങളായി, പരിഷത്തുകളായി അവർ ചർച്ച ചെയ്യുന്നു. അതു വേറെ ശിഷ്യന്മാർക്ക് പകരുന്നു. ഓരോരുത്തരും കൂട്ടിവായിക്കുന്നു.

> ഭീമസേനഗദാത്രസ്താ സുയോധനവരൂഥിനീ
> ശിഖാ ഖാർവടകസ്യേവ കർണമൂലമുപാഗതാ[3]

ഈ പ്രക്രിയയ്ക്ക് പ്രതിസംസ്കാരമെന്നാണ് പറയുക.

> വിസ്താരയതി ലേശോക്തം സ്ക്ഷിപത്യതിവിസ്തരഃ
> സംസ്കർതാ കുരുതേ തന്ത്രം പുരാണം ച പുനർനവം

ഈ രണ്ട് സവിഷേഷതകളാണ് നമ്മുടെ ജ്ഞാനപാരമ്പര്യത്തിനുള്ള് - ഒന്ന് മൗഖികം, മറ്റൊന്ന് പ്രതിസംസ്കാരം.

ഈ പാരമ്പര്യത്തിന് മുഖ്യമായി മൂന്ന് കൈവഴികളുണ്ട് - വരേണ്യം, സാമാന്യം, സാമൂഹ്യം.

**2. വരേണ്യം**

പൂർണമായും മൗഖികമായിത്തന്നെ തുടരുന്ന പാരമ്പര്യം വേദപഠനത്തിന്റേതാണ്. മറ്റൊരു മാദ്ധ്യമം സ്വീകരിക്കാൻ അതിന് വയ്യ. വൈദികപഠനത്തിന് കേരളത്തിൽ പ്രത്യേകസംവിധാനങ്ങളുണ്ടായിരുന്നു. കടവല്ലൂർ അന്യോന്യം അതിൽ അവശേഷിക്കുന്ന ബൗദ്ധികപാരമ്പര്യത്തിന്റെ മാതൃകയാണ്. തൃശ്ശൂരും തിരുനാവായും യോഗത്തിലുൾപ്പെട്ടവരാണ് ഇവിടെ മത്സരത്തിനെത്തുന്നത്. പതിനാറു ദിവസം നീണ്ടു നിന്നിരുന്ന വേദപരീക്ഷയാണിത്. മത്സരത്തിൽ പങ്കെടുക്കുവാൻ അർഹത നേടിയ വിദ്യാർത്ഥികൾ ഓത്തന്മാരോടൊപ്പം ക്ഷേത്രത്തിലെത്തുന്നു. തുടർന്നു നടക്കുന്ന മത്സരങ്ങളുടെ വിവിധഘട്ടങ്ങളിൽ ഇരു വിഭാഗക്കാരും വാശിയോടെയാണ് പങ്കെടുക്കുക. ശബ്ദശുദ്ധി, ഓർമ്മശക്തി തുടങ്ങിയ കാര്യങ്ങൾ ഇവിടെ പരീക്ഷിക്കപ്പെടുന്നു. 'കടന്നിരിക്കാൻ' സാധിക്കുന്നത് വലിയൊരു ബഹുമതിയായി കണക്കാക്കുന്നു.

**മീമാംസ**

മീമാംസയ്ക്ക് പ്രാധാന്യം നൽകി കേരളത്തിൽ നടന്നിരുന്ന മത്സരം രേവതി പട്ടത്താനമാണ്. പ്രാഭാകരം, വ്യാകരണം വേദാന്തം, ഭാട്ടം എന്നീ നാല് ശാസ്ത്രത്തിലുമുള്ള സഭാമഠങ്ങളിലെ അംഗങ്ങൾ ഇതിൽ പങ്കെടുക്കും. യഥാർത്ഥത്തിലുള്ള പട്ടത്താനം പ്രാഭാകരഭാട്ടമീമാംസകളുടേതാണ്. ഭ്രഷ്ട് പോലുള്ള ആചാരങ്ങളെപ്പറ്റി തീർപ്പു കൽപ്പിക്കുന്നതിന് പോലും ചിലപ്പോൾ സാമൂതിരി പട്ടത്താനത്തിന്റെ അഭിപ്രായം ചോദിച്ചിരുനുന്നു. വ്യാകരണം, വേദാന്തം എന്നിവയ്ക്ക് പ്രാധാന്യം കുറയും. പയ്യൂർഭട്ടന്മാർക്കാണിതിന്റെ മേൽനോട്ടം.

തളി ക്ഷേത്രത്തിൽ വച്ചാണ് ' താനം ' നടത്തിയിരുന്നത്. മീമാംസയും വേദാന്തവും അമ്പലത്തിനകത്തുവെച്ച് നടത്തണമെന്ന് നിർബന്ധമുണ്ട്. ഈ ചർച്ചയിൽ ബ്രാഹ്മണർക്ക് മാത്രമേ പങ്കെടുക്കാനാവൂ. വ്യാകരണവും തർക്കവും പുറത്തുവച്ച് നടത്താം.

സദസ്സിൽ പങ്കുകൊള്ളുക, കിഴിമേടിക്കുക, (ആകെ 51 കിഴി) എന്നതെല്ലാം വലിയ ബഹുമതിയായി കണക്കാക്കപ്പെട്ടിരുന്നു. ധാരാളം പണ്ഡിതന്മാരും താനത്തിൽ പങ്കുകൊള്ളുവാൻ എത്തുമായിരുന്നു. അസാധാരണമായ വൈദുഷ്യമുള്ളവർക്കേ താനത്തിൽ പ്രവേശനം ലഭിക്കൂ. മേല്പുത്തൂരിനെ താനത്തിൽ അംഗമാക്കാൻ പയ്യൂർ പട്ടേരിക്ക് താത്പര്യമില്ലായിരുന്നു -

‘നാരായണന് ശാസ്ത്രവ്യുത്പത്തി പോരാ; എങ്കിലും അല്പം കവിതാവാസനയുണ്ടല്ലോ. സദസ്സിന്റെ ഒരു കോണിൽ ഇരുന്നുകൊള്ളട്ടെ.’

വള്ളത്തോളിനെപ്പറ്റിയും ഇത്തരമൊരു കഥയുണ്ട്. കോഴിക്കോട് മാങ്കാവ് കോവിലകത്ത് സഹൃദയസമാഗത്തിൽ അനർഘരാഘവം വായിക്കുമ്പോൾ ഒന്നുരണ്ടു പ്രാവശ്യം പദങ്ങളുടെ സംശയം ചോദിച്ചു അദ്ദേഹം. പുന്നശ്ശേരി നമ്പി ‘‘സംസ്കൃതം പഠിച്ചിട്ടിങ്ങോട് വന്നാൽ പോരെ’’ എന്ന് ശാസിച്ചത്രേ!

പരദേശികളെ സാധാരണ താനത്തിന് ക്ഷണിക്കാറില്ല. ഉദ്ദണ്ഡശാസ്ത്രികളാണ് പട്ടത്താനത്തിന് പങ്കെടുക്കുന്ന ആദ്യത്തെ പരദേശി. കാക്കശ്ശേരിയും ഉദ്ദണ്ഡനും തമ്മിലുള്ള വാദപ്രതിവാദം പ്രസിദ്ധമാണല്ലോ.

### വിദ്യുത്സദസ്സ്

എല്ലാ ശാസ്ത്രങ്ങളുടെയും വ്യാക്യാർത്ഥവിചാരങ്ങൾ നടക്കുന്നത് ശാസ്ത്രസദസ്സുകളിലാണ്. തിരുവനന്തപുരം, തൃപ്പൂണിത്തുറ, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിലായിരുന്നു സ്ഥിരമായി അത്തരം സദസ്സുകൾ നടന്നിരുന്നത്. ചിലപ്പോൾ രാജാക്കന്മാരും പ്രഭുക്കന്മാരുമൊക്കെ ജന്മദിനത്തിനോ വിശേഷാവസരങ്ങളിലോ സദസ്സുകൾ നടത്താറുണ്ട്. പാപപരിഹാരത്തിനും പ്രായശ്ചിത്തത്തിനുമായും സദസ്സുകൾ ഉണ്ടാവാറുണ്ട്. ഇത്തരം സദസ്സുകൾ വിജ്ഞാനവിതരണത്തിൽ വഹിച്ച പങ്കെന്താണ്?

i. പ്രധാനമായും പങ്കെടുക്കുന്ന പണ്ഡിതന്മാരുടെ പാണ്ഡിത്യപ്രകടനം തന്നെ. ദാനവീരം, ദയാവീരം, യുദ്ധവീരം എന്നിവയോടൊപ്പം പാണ്ഡിത്യവീരവും ഉൾപ്പെടുത്തണമെന്ന് ജഗന്നാഥൻ ആവശ്യപ്പെട്ടില്ലേ; അതുതന്നെ. സ്വപക്ഷസ്ഥാപനവ്യഗ്രതയിൽ അദ്ധ്യക്ഷനുപോലും നിയന്ത്രിക്കാനാകാത്ത വിധം പണ്ഡിതന്മാർ ഏറ്റുമുട്ടും.

> നിവാരണീയാഃ ന തു ഗൗതമീയാഃ
> ഉൽപ്ലുത്യ ഭല്ലൂകവദാപതന്തഃ
> പ്രായേണ വൈയാകരണാഃ പിശാചാഃ
> പ്രയോഗമന്ത്രേണ നിവാരണീയാഃ

കരടിയെപ്പോലെ ചാടിവരുന്ന താർക്കികന്മാരെ പറഞ്ഞു സമാധാനിപ്പിക്കാൻ സാധിക്കയില്ല. വൈയാകരണപിശാചുക്കളെ പ്രയോഗമന്ത്രം കൊണ്ട് തടുക്കാം.

ii. പണ്ഡിത്മാരോടൊപ്പം വിദ്യാർത്ഥികളും ഈ സദസ്സുകളിൽ പങ്കെടുക്കും. മാത്രവുമല്ല, പരീക്ഷയുടെ ഭാഗവുമാണിത്. അതുകൊണ്ട് പാണ്ഡിത്യത്തിന്റെ പാരമ്പര്യം നിലനിർത്താൻ ഈ സദസ്സുകൾ സഹായിച്ചിരുന്നു. ദൂരെനിന്ന് വരുന്ന പണ്ഡിതന്മാർ പലപ്പോഴും ശിഷ്യന്മാരെ കൂടെ കൊണ്ടുവരാറുണ്ട്.

iii. വിജ്ഞാനത്തിന്റെ വികസനത്തിന് എന്തെങ്കിലും സംഭാവന ഇവ ചെയ്തിട്ടുണ്ടോ എന്ന് സംശയമാണ്. കാരണം നിഷേധികളാകാൻ പങ്കെടുക്കുന്നവരാരും ആഗ്രഹിക്കാറില്ല. അതുകൊണ്ട് പലപ്പോഴും വാക്യാർത്ഥസദസ്സുകൾ ആവർത്തനങ്ങളായിപ്പോകാറുണ്ട്. 'വാദേ വാദേ ജായതെ തത്ത്വബോധഃ' എന്നതാണ് വാക്യാർത്ഥസദസ്സുകളുടെ അടിസ്ഥാനപ്രമാണം. ബൗദ്ധികമായ ശാണഘർഷണം[4] തന്നെയാണ് അതിന്റെ പ്രയോജനം.

### 3. സാമാന്യം

രാജസദസ്സുകളിൽ നടന്നുവന്ന ഈ സദസ്സുകളുടെ മറ്റൊരു രൂപമാണ് ജനകീയാടിത്തറയുള്ള മറത്തുകളി. പണിക്കന്മാരാണ് ഇത് നടത്തുന്നത്. ഭാഷ സംസ്കൃതമല്ലെങ്കിലും പ്രതിപാദ്യം മുഴുവൻ സംസ്കൃതമാണ്. സംസ്കൃതത്തിലെ ഏത് വിഷയവും വിചിന്തനത്തിന് വിഷയമാക്കാം.

കേരളസമൂഹത്തിന്റെ കീഴാള-മേലാള ബന്ധങ്ങൾ നിർവചിക്കുന്നതിൽ ഈ പ്രതിഭാസത്തിന് സവിശേഷമായ പ്രാധാന്യമുണ്ട്. വരേണ്യവിഭാഗം തങ്ങളുടെ സ്വത്തായി കണക്കാക്കിയിരുന്ന ഈ വിജ്ഞാനം സാധാരണജനങ്ങൾ ഉപയോഗിച്ചു എന്നതു മാത്രമല്ല, അതിന്റെ ഉടമസ്ഥർക്ക് സാധിച്ചതിനേക്കാൾ വ്യാപകമായി പ്രചരിപ്പിക്കാനും കഴിഞ്ഞു എന്നതാണിതിന്റെ പ്രാധാന്യം. ബ്രാഹ്മണശിവനും ഈഴവശിവനും ഒരുപോലെ കേരളീയ സമൂഹത്തിൽ ഇടമുണ്ടായത് ഈ സാഹചര്യത്തിലാണ്.

പ്രയുക്തശാസ്ത്രങ്ങളുടെ കാര്യത്തിൽ ഒരുപടികൂടി മുന്നോട്ട് കടന്ന് കീഴാളർ അതിന്റെ പ്രയോഗം കൈയടക്കി. വൈദ്യശാസ്ത്രം കൊണ്ടു നടന്നത് വേലനും ഈഴവനുമാണ്. ഹോർത്തൂസ് മലബാറിക്കുസ് രചിക്കാൻ സഹായിച്ചത് ഇട്ടി അച്യുതനായിരുന്നു. തച്ചുശാസ്ത്രം പ്രയോഗിച്ചത് ആശാരി ആണ്. കാണിപ്പയ്യൂരിന്റേയും പെരുന്തച്ചന്റെയും പാരമ്പര്യം ഒന്നുതന്നെയാണ്. ഒരു പക്ഷേ വ്യത്യാസമുണ്ടാകാവുന്നത് തച്ചന്റേത് കൂടുതൽ വായ്മൊഴിയാണ് എന്നതാണ്. ജ്യോതിഷവും ഗണിതവും കൊണ്ടുനടന്നത് കണിയാന്മാരാണ്.

### 4. സാമൂഹ്യം

മൗഖികപാരമ്പര്യത്തിന്റെ സാമൂഹ്യതലം ആഖ്യാനപാരമ്പര്യവുമായി ബന്ധപ്പെട്ടതാണ്. ഒരു സമൂഹത്തെ രൂപപ്പെടുത്തുന്ന വിദ്യാഭ്യാസം, സദാചാരം, മൂല്യബോധം എന്നിവയെല്ലാം സമൂഹത്തിലെത്തുന്നത് പൊതുബോധനങ്ങളിലൂടെയാണ്. നമ്മുടെ ആഖ്യാനപാരമ്പര്യത്തെ വിവരിക്കാൻ ഹൃദ്യങ്ങളായ രണ്ടുപ്രതീകങ്ങൾ ഉണ്ട്. ഒന്ന് വ്യാസനും വിഘ്നേശരനുമാണ്[5], മറ്റൊന്ന് പാർവതിയും വേതാള[6]വുമാണ്. ആദ്യത്തേത് സ്രഷ്ടാവും ആസ്വാദകനും തമ്മിലുള്ള ബന്ധത്തിന്റെ കഥയാണ്. എഴുത്ത് കണ്ടുപിടിച്ചതിന് ശേഷമാണത്. രണ്ടാമത്തേത് ആസ്വാദകപക്ഷ

ത്തുനിന്ന് മാത്രമുള്ളത്. മൂന്ന് കാര്യങ്ങളാണ് പാർവതി ആവശ്യപ്പെട്ടത് - എനിക്ക് വേണ്ടി മാത്രമുള്ള കഥ, മറ്റാരും കേൾക്കാത്ത കഥ, കേൾക്കാൻ രസമുള്ള കഥ.

നമ്മുടെ കഥാപാരമ്പര്യത്തിന്റെ ഉജ്ജ്വലമായ ഉദാഹരണമാണ് കൂത്ത്. കൂത്തിന് അനേകം മാനങ്ങളുണ്ട് -വിദ്യാഭ്യാസപരം, സദാചാരപരം എന്നിങ്ങനെ. സംസ്കൃതം പഠിക്കുന്നതിന്റെ ഏറ്റവും ഹൃദ്യമായ മാതൃക ചാക്യാർ ശ്ലോകം അന്വയിച്ച് അർത്ഥം പറയുന്ന രീതിയാണ്. പദച്ഛേദം, അർത്ഥം, സ്വാരസ്യം എന്നിങ്ങനെ ഒരു വ്യക്തി അറിയേണ്ട കാര്യങ്ങളൊക്കെ കൂത്തിൽ വിവരിച്ചിരിക്കും.

കൂത്ത് പറയുന്നവർ നല്ല പണ്ഡിതന്മാരായിരിക്കും. ഒരു ശ്ലോകത്തിന് തന്നെ പലതരത്തിലും അർത്ഥങ്ങൾ അവർ പറയും. ചാച്ചുചാക്യാർ തൃപ്പൂണിത്തുറയിൽ ഒരിക്കൽ കൂത്ത് പറയുമ്പോൾ (പരീക്ഷിത്ത് തമ്പുരാൻ, സഹൃദയതിലകൻ രാമപ്പിഷാരടി മുതലായവരാണ് കേൾവിക്കാർ) 'രാമം ദശരഥം വിദ്ധി' എന്ന ശ്ലോകത്തിന് പതിനാറ് തരത്തിൽ അർത്ഥം പറഞ്ഞ്, ചാക്യാർ ആ പണ്ഡിതന്മാരെ അമ്പരപ്പിച്ചുകളഞ്ഞത്രെ! അക്കൂട്ടത്തിൽ എടുത്തുപറയേണ്ടതാണ് നിരനുനാസികപ്രബന്ധം. മേല്പുത്തൂർ നാസികശബ്ദങ്ങളില്ലാതെ എഴുതി എന്നുമാത്രമല്ല നിരനുസാസികമായിത്തന്നെ ചാക്യാർ വിവരിക്കുകയും ചെയ്തു.

നാസാക്ഷയാന്നിരനുനാസികമേവമൂചേ
ഹാഹാ രാക്ഷസരാജ ദുഷ്പരിഭവഗ്രസ്തസ്യ ധിക്തേ ഭുജാഃ

'ധിക് തേ ഭുജാഃ' എന്നിടത്ത് 'ഭുജാൻ' എന്ന പുല്ലിംഗം ഒഴിവാക്കിയത് പൗരുഷമില്ലാത്ത രാവണൻ സ്ത്രീതുല്യനാണെന്ന് കാണിപ്പാനാണെന്ന് വ്യാഖ്യാനിക്കുകയും ചെയ്തു. കവി അത്രയും ഉദ്ദേശിച്ചിരുന്നില്ല. വാക്യാർത്ഥം പറയുന്ന പണ്ഡിതനൊപ്പമുള്ള പാണ്ഡിത്യം കൂത്ത് പറയുന്ന ചാക്യാർക്കും വേണമെന്ന് ചുരുക്കം.

കുലധർമ്മമായി വിദ്യകളൊക്കെ നിലനിന്നതിങ്ങനെയാണ്. വിശേഷിച്ച് അവയിൽ നിഗൂഢതയുണ്ടായിരുന്നു, മന്ത്രവാദം പോലെ. മറ്റുമാർഗ്ഗമില്ലെന്ന് വന്നാലേ അവയെ ഉപദേശിക്കു. ബൃഹസ്പതിയുടെ പുത്രൻ കചൻ എന്ന പേരിൽ ശുക്രാചാര്യരുടെ ശിഷ്യനായി സഞ്ജീവനിവിദ്യ പഠിച്ചതങ്ങനെയാണ്.

---

1. അമുഷ്യവിദ്യാ രസനാഗ്രനർത്തകി. നളന്റെ വിദ്യ നാവിൻതുമ്പിൽ നൃത്തം ചെയ്യുന്നു എന്നു നൈഷധത്തിൽ ശ്രീഹർഷൻ.

2. പൃഷ്ടോത്തരക്ഷണോത്തരദായി. ചോദിച്ചതിന്റെ അടുത്ത ക്ഷണത്തിൽ ഉത്തരം നൽകുന്നവർ. അയ്യാശാസ്ത്രികളെക്കുറിച്ചാണ് ഈ ചൊല്ലിന് പ്രസിദ്ധി.

3. അമ്പലപ്പുഴക്ഷേത്രത്തിൽ ഒരിക്കൽ സ്ഥിരമായി ഭാരതം വായിക്കുന്ന പണ്ഡിതൻ എത്തിയില്ല. പാരായണം മുടങ്ങരുതെന്നോർത്തു അന്നവിടെ എത്തിയിരുന്ന മേല്പുത്തൂരിനെ രാജാവിന്റെ അടുത്തെത്തിച്ചു. അല്പം പരിഹാസത്തോടെ രാജാവ് ചോദിച്ചു - 'കൂട്ടിവായിക്കാൻ അറിയോ?'. 'ശ്രമിക്കാം' എന്നായിരുന്നു മറുപടി. വായനക്കിടയിൽ കൂട്ടിച്ചേർത്തതാണ് ഈ ശ്ലോകം. 'ഭീമ

സേനന്റെ ഗദയെ പേടിച്ച് ദുര്യോധനന്റെ സൈന്യം കർണ്ണമൂലത്തെ അഭയം തേടി, കഷണ്ടിക്കാരന്റെ മുടിപോലെ'. രാജാവ് ചോദിച്ചു – 'ഈ ശ്ലോകമേതാ?' 'അടിയൻ കൂട്ടിവായിച്ചതാണ്'. മനോധർമ്മമനുസരിച്ചുള്ള കൂട്ടിവായന വായ്മൊഴി പാരമ്പര്യത്തിന്റെ സവിശേഷതയാണ്. രാജാവ് കഷണ്ടിക്കാരനായിരുന്നെന്നതാണ് ഈ കൂട്ടിവായനയിലെ നസ്യം.

4. ചാണയിലുരച്ച് മാറ്റുനോക്കുക.

5. വ്യാസൻ പറഞ്ഞുകൊടുത്തത് ഗണപതിയെഴുതിയെടുക്കുകയായിരുന്നല്ലോ. അങ്ങനെയാണ് മഹാഭാരതത്തിന് ലിഖിതപാഠം ഉണ്ടായത്.

6. ശാപംമൂലം വേതാളമായി മാറിയ ഒരു ഗന്ധർവ്വൻ ശാപമോക്ഷത്തിനായി പാർവ്വതിയെ സമീപിച്ചു. കഥപറഞ്ഞുരസിപ്പിച്ചാൽ മോക്ഷം നൽകാമെന്നായി പാർവ്വതി. അവയാണ് വേതാളകഥകൾ.

---

ഡോ. കെ.ജി. പൗലോസ്: അധ്യാപകൻ; പ്രിൻസിപ്പൽ, സംസ്കൃതകോളേജ്; റജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല; വൈസ്ചാൻസലർ, കേരളകലാമണ്ഡലം കല്പിതസർവ്വകലാശാലാ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സിംലയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡിയിൽ ഫെല്ലോ ആയിരുന്നു. E-mail: kgpaulose@gmail.com, www.kgpaulose@info.com.